# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 4566

26.06.2014-ൽ
മറുപടിയ്ക്ക്

**വയനാട് ജില്ലയിലെ റോഡ് സുരക്ഷാനടപടികൾ**

| ചോദ്യം<br>ശ്രീ. കെ. അജിത് | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) വയനാട് ജില്ലയിൽ 30 കി.മി. റോഡിന്റെ സുരക്ഷക്കായി 22 കോടി രൂപയുടെ ഭരണാനുമതി നൽകിയതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഭരണാനുമതി നൽകിയിട്ടുണ്ട്. അതിലെന്തെങ്കിലും ആരോപണം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സംസ്ഥാനത്ത് റോഡ് സുരക്ഷ നടപടികൾക്കായി കിലോമീറ്ററിന് എത്ര രൂപ വീതമാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) റോഡ് സുരക്ഷ പദ്ധതികൾ, റോഡിന്റെ ഘടന, നിലവാരം, അനുവദനീയ വേഗത, ഭൂമിശാസ്ത്രപരമായ കിടപ്പ്, ഗതാഗത സാന്ദ്രത എന്നിങ്ങനെ വിവിധ ഘടകങ്ങൾ ചേർന്നാണ് റോഡ് സുരക്ഷയുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്. ആയതിനാൽ കിലോമീറ്ററിൻ പ്രകാരം ചെലവ് നിർണ്ണയം സാധ്യമല്ല. |
| (സി) വയനാട് ജില്ലയിലെ റോഡിന്റെ സുരക്ഷാനടപടികളുടെ ജോലി എത് ഏജൻസിയ്ക്കാണ് നൽകിയിരിക്കുന്നതെന്നും ഈ ജോലി പരസ്യ ടെണ്ടറിന് വിധേയമാക്കിയിട്ടുണ്ടോ എന്നും വെളിപ്പെടുത്തുമോ ; | (സി) ഇതൊരു റോഡ് സുരക്ഷാപദ്ധതി ആയതിനാൽ സമയബന്ധിതമായി വേഗത്തിൽ ചെയ്തു തീർക്കേണ്ടതുണ്ട്. 27.02.1975-ലെ സ.ഉ.(എം.എസ്)നം.39/75/പൊ.മ.വ. ഉത്തരവ് പ്രകാരം രൂപീകരിച്ച പൊതുമരാമത്ത് വകുപ്പിൻെറ കീഴിലുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഇത്തരത്തിലുള്ള ജോലികൾ ഏൽപ്പിക്കാറുണ്ട്. അതനുസരിച്ചാണ് 09.06.2014-ലെ |

സ.ഉ. (സാധാ) നം. 758/2014/ പൊ.മ.വ പ്രകാരം പ്രസ്തുത പ്രവൃത്തി കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിച്ചത് 10% കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ഒഴിവാക്കിക്കൊണ്ടാണ്. ടെണ്ടർ നടപടികൾ മൂലമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിലേക്കായാണ് പരസ്യ ടെണ്ടർ ഒഴിവാക്കി സർക്കാർ ഏജൻസിയായ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ പ്രവൃത്തി ഏല്പിച്ചത്.

(ഡി) പ്രസ്തുത ജോലിയ്ക്ക് ഇത്രയും തുക അനുവദിക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

(ഡി) വയനാട്ടിലെ മൂന്ന് റോഡുകളിലായി 57.80 കി. മീ. ദൂരത്തിൽ റോഡ് സുരക്ഷാ പദ്ധതിപ്രകാരം വിവിധ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ വിശദമായ എസ്റ്റിമേറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**